## ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം

## തൈക്കാട്, തിരുവനന്തപുരം – 14

ഇ–മെയിൽ: director.ims@kerala.gov.in ഫോൺ നം. 0471-2323960

വെബ്സൈറ്റ്: www.ims.kerala.gov.in

No:D3-4096/2022/DIMS. തീയതി :18/05/20223

### കാരണം കാണിക്കൽ നോട്ടീസ്

വിഷയം: ഐ എം എസ് വകുപ്പ് -നേഴ്സിങ് ഓഫീസർ ശ്രീമതി സുനിത ഗോപിക്കെതിരെയുള്ള അച്ചടക്ക നടപടി-സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം അറിയിക്കുന്നത് സംബന്ധിച്ച് .

സൂചന :3 1/12/2022 ലെ ഇതേ നമ്പർ കുറ്റപത്രം.

ആലുവ ഉദ്യോഗ മണ്ഡൽ ഇ എസ് ഐ ആശുപത്രിയിൽ ജോലിയിലിരിക്കേ വിദേശത്ത് ജോലി ചെയ്യുന്നതിനായി അവധിയിൽ പ്രവേശിച്ച നഴ്സിംഗ് ഓഫീസർ ശ്രീമതി സുനിത ഗോപി, എന്ന താങ്കൾ ലീവിന് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാഞ്ഞതിനാൽ താങ്കൾക്കെതിരേ അച്ചടക്ക നടപടികൾ ആരംഭിക്കുകയും മേൽസൂചന കുറ്റപത്രം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

താഴെപ്പറയുന്ന കുറ്റങ്ങൾ ചുമത്തിയാണ് താങ്കൾക്ക് കുറ്റപത്രം നല്കുകയുണ്ടായത് -

1. 14/03/2007 മുതൽ 13/03/2012 വരെ KSR Part I അനുബന്ധം XII A പ്രകാരം ശൂന്യ വേതന അവധി അനുവദിക്കുകയും 14/03/2012 മുതൽ 13/03/2017 വരെയും 14/03/2017 മുതൽ 13/03/2022 വരെ ടി അവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തതിനു ശേഷം 14/03/2022 ന് തിരികേ ജോലിയിൽ പ്രവേശിക്കേണ്ട താങ്കൾ നാളിതുവരെ ജോലിയിൽ പ്രവേശിക്കുകയോ ജോലിയിൽ പ്രവേശിക്കാതിരുന്നതിന് കാരണം ബോധിപ്പിക്കുകയോ ചെയ്യുകയുണ്ടായില്ല. ആകയാൽ കെ.എസ്.ആർ. ഭാഗം 1 അപ്പന്റിക്സ് XII A(9) പ്രകാരം താങ്കൾ സർവീസിൽ നിന്നും നീക്കം ചെയ്യപ്പെടാവുന്ന ഗുരുതര അച്ചടക്ക ലംഘനം നടത്തിയിരിക്കുന്നു.

2. 27/01/2007 ൽ ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച താങ്കൾ കേവലം ഒന്നര മാസക്കാലത്തെ സേവനത്തിനു ശേഷം തുടർച്ചയായ അവധിയിൽ പ്രവേശിക്കുകയും ,തിരികേ ജോലിയിൽ പ്രവേശിക്കാതിരിക്കുകയും ചെയ്തതിനാൽ പ്രൊബേഷൻ കാലത്തു തന്നെ സർവീസിൽ നിന്ന് പുറത്താക്കപ്പെടാവുന്ന ഗുരുതര അച്ചടക്ക ലംഘനം നടത്തിയിരിക്കുന്നു.

3. 14/ 03 / 2007 മുതൽ ശൂന്യ വേതന അവധിയ്ക്ക് ശേഷം തിരികേ ജോലിയിൽ പ്രവേശിക്കാത്തതിനാൽ KSR പ്രകാരവുമുള്ള അച്ചടക്ക ലംഘനങ്ങൾ നടത്തിയതിനു പുറമേ ലീവ് അനുവദിക്കുന്നതിലേക്കായി സമർപ്പിച്ച ബോണ്ടിലെ വ്യവസ്ഥകളും ലംഘിച്ചിരിക്കുന്നു .

താങ്കൾ വിദേശത്ത് ജോലി ചെയ്യുന്നതിനായി ശൂന്യ വേതന അവധിയ്ക്ക് സമർപ്പിച്ച അപേക്ഷയിലെ വിലാസത്തിൽ അയച്ച ടി കുറ്റപത്രം "അഡ്രസി ഔട്ട് ഓഫ് ഇന്ത്യ"എന്ന് രേഖപ്പെടുത്തി മടങ്ങി വരികയാണുണ്ടായത്. 14/03/2007 മുതൽ 13/03/2012 വരെ KSR Part I അനുബന്ധം XII A പ്രകാരം ശൂന്യ വേതന അവധി അനുവദിക്കുകയും 14/03/2012 മുതൽ 13/03/2017 വരെയും 14/03/2017 മുതൽ 13/03/2022 വരെ ടി അവധി ദീർഘിപ്പിച്ചു നൽകുകയും ചെയ്തതിനു ശേഷം 14/03/2022 ന് തിരികേ ജോലിയിൽ പ്രവേശിക്കേണ്ട ശ്രീമതി സുനിത ഗോപി എന്ന താങ്കൾ നിലവിലും ഇന്ത്യയ്ക്ക് പുറത്തു തന്നെയാണെന്നും KSR Part I അനുബന്ധം XII A ലെ വ്യവസ്ഥകൾ ലംഘിച്ചതിനു പുറമെ ശൂന്യ വേതന അവധി അനുവദിക്കുന്നതിനായി സമർപ്പിച്ച ബോണ്ടിലെ വ്യവസ്ഥകളും ലംഘിച്ചിരിക്കുന്നു. KSR Part I അനുബന്ധം XII A പ്രകാരം അനുവദിച്ച ശൂന്യ വേതന അവധി തീരുന്ന മുറയ്ക്ക് ഇന്ത്യയിൽ മടങ്ങിയെത്തി തിരികേ ജോലിയിൽ പ്രവേശിക്കാത്ത ജീവനക്കാരെ KCS(C C & A) Rules 1960 ലെ ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് കെ.എസ്.ആർ. ഭാഗം 1 അപ്പന്റിക്സ് XII A(9) ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

ആയതിനാൽ ആലുവ ഉദ്യോഗ മണ്ഡൽ ഇ എസ് ഐ ആശുപത്രിയിൽ ജോലിയിലിരിക്കേ വിദേശത്തു ജോലി ചെയ്യുന്നതിനായി അവധിയിൽ പ്രവേശിക്കുകയും ലീവ് കാലാവധി കഴിഞ്ഞിട്ടും ഇന്ത്യയിൽ മടങ്ങിയെത്തി ജോലിയിൽ തിരികേ പ്രവേശിക്കുകയും ചെയ്യാത്ത നഴ്സിംഗ് ഓഫീസർ ശ്രീമതി സുനിത ഗോപി, എന്ന താങ്കളെ 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ റൂൾ 11 (vii) പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗമായി 14/ 03 / 2007 പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താൽക്കാലിക തീരുമാനത്തിനെതിരെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കിട്ടി 15 ദിവസത്തിനകമോ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകമോ താങ്കൾക്ക് രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്.അല്ലാത്ത പക്ഷം താങ്കൾക്ക് ഇത് സംബന്ധിച്ച് ഒന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ, മേൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഡോ. മാലിനി. എസ്
ഡയറക്ടർ ഇൻഷുറൻസ് മെഡിക്കൽ സർവീസസ്

സ്വീകർത്താവ്

Smt.Sunitha Gopi
Sunitha Mandiram Perumbadavam.P.O
Avarmma,Kottayam.
Pin-688 665 (Through Registered Post with A/D)

പകർപ്പ്:-

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, മദ്ധ്യ മേഖല , എറണാകുളം.
2. Medical Superintendent,ESIC Hospital Udyogamandal.
3. ഇ 5 സെക്ഷൻ.
4. website/E mail.
5. ഫയൽ/സ്റ്റോക്ക് ഫയൽ.